# നോഹ ദൈവത്തോടു കൂടെ നടന്നു -സാക് പുന്നൻ

WFTW Malayalam 12 February 2012

www.jeevamozhikal.org

വേദപുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന ആദ്യത്തെ രണ്ടു പ്രസംഗകരായിരുന്നു ഹാനോക്കും നോഹയും. അവരിരുവരും ദൈവത്തോടു കൂടെ നടന്നു. അന്നു മുതലുള്ള എല്ലാ പ്രസംഗകരും ഇതുപോലെ ദൈവത്തോടു കൂടെ നടന്നിരുന്നോ?

ദൈവം നോഹയോടു പെട്ടകം പണിയാൻ ആവശ്യപ്പെട്ട ഉടൻ തന്നെ പണി തുടങ്ങി. ആരാണ് അതിനുള്ള ചെലവു വഹിക്കുക എന്നൊന്നും അവൻ ചോദിച്ചില്ല. അഥവാ അങ്ങനെ ദൈവത്തോടു ചോദിച്ചിരുന്നുവെങ്കിൽ ദൈവത്തിന്റെ മറുപടി ഇതാകുമായിരുന്നു: "തീർച്ചയായും നീ തന്നെ അതിനുള്ള ചെലവു വഹിക്കണം."

ദൈവവേലയ്ക്കുള്ള ചെലവ് നിങ്ങളുടെ സ്വന്തം പോക്കറ്റിൽ നിന്നു വഹിക്കണമെന്നു ദൈവം നിങ്ങളോടു പറയുന്നത് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? പല ക്രിസ്ത്യാനികളും കരുതുന്നത് അവർ ചെയ്യുന്ന ദൈവവേലയുടെ ചെലവ് മറ്റാരെങ്കിലും വഹിക്കണം എന്നാണ്. എന്നാൽ നോഹ അങ്ങനെ ചിന്തിച്ചില്ല. അവൻ തന്റെയും കുടുംബത്തിന്റെയും ചെലവ് സ്വയം വഹിച്ചു, അതോടൊപ്പം ദൈവവേലയും ചെയ്തു. പെട്ടകം പണിയുന്നതിനുള്ള പണം സമ്പാദിക്കാൻ ചില മണിക്കൂറുകൾ അധികം ജോലി ചെയ്യേണ്ടി വന്നു. എന്നാൽ അവനത് സന്തോഷത്തോടെ ചെയ്തു. അങ്ങനെയുള്ളവരെ ദൈവത്തിന് ഇന്നും ആവശ്യമുണ്ട്. അന്ത്യകാലം നോഹയുടെ കാലം പോലെ ആയിരിക്കും എന്നാണല്ലോ യേശു പറഞ്ഞത്. അങ്ങനെയെങ്കിൽ അന്ത്യകാലത്ത് അനേകം നോഹമാരെ ദൈവത്തിന് ആവശ്യമുണ്ട്- അപ്പൊസ്തലനായ പൗലൊസിനെപ്പോലെ സ്വന്തമായി അധ്വാനിച്ച് ദൈവവേല ചെയ്യുന്ന ആളുകളെ.

മൃഗങ്ങൾ എങ്ങനെയാണ് പെട്ടകത്തിനുള്ളിലേക്കു വരുന്നത് എന്നു പലരും നോഹയോടു ചോദിച്ചിട്ടുണ്ടാകാം. ആ കാര്യം ദൈവം ചെയ്യേണ്ടതാണെന്നും തനിക്കതിൽ കാര്യമില്ലെന്നും നോഹ അറിഞ്ഞിരുന്നു. ദൈവം പ്രകൃത്യാതീതമായി മൃഗങ്ങളെ പെട്ടകത്തിനുള്ളിൽ കൊണ്ടുവന്നു. ദൈവം തന്നോടു പറഞ്ഞതു മാത്രം നോഹ ചെയ്തു- പെട്ടകം പണിയുക എന്നത്. മറ്റു കാര്യങ്ങളെല്ലാം അവൻ ദൈവത്തിനു വിട്ടു. നാമും ദൈവം നമ്മോട് ആവശ്യപ്പെടുന്ന കാര്യങ്ങൾ മാത്രം ചെയ്താൽ മതി. അസാധ്യകാര്യങ്ങളെ നമുക്കു ദൈവത്തിനു വിട്ടുകൊടുക്കാം.

ഒടുവിൽ ദൈവം വാതിൽ അടയ്ക്കുന്നതായി നാം വായിക്കുന്നു(ഉൽപത്തി 7: 16). പെട്ടകത്തിന്റെ വാതിൽ നോഹയല്ല അതു ദൈവമാണ് അടച്ചത്. അതുപോലെ ഒരു ദിവസം കാലത്തികവിങ്കൽ ദൈവം രക്ഷയുടെ വാതിൽ അടയ്ക്കും.

ക്രിസ്തുവിന്റെയും അവിടുത്തെ ശരീരമാകുന്ന സഭയുടെയും ഒരു ചിത്രമാണ് പെട്ടകം. ഒരു സഭയ്ക്കകത്ത് എന്നതുപോലെ പെട്ടകത്തിനകത്തെ ജീവിതവും അസൗകര്യങ്ങൾ ഉള്ളതായിരുന്നു. സഭയിൽ നാം നമ്മിൽ നിന്നു തികച്ചും വ്യത്യസ്തരായ ആളുകളുമായി ഇടപഴകേണ്ടി വരും. ചിലപ്പോൾ അവരിൽ ചിലരുമായി ഉരസ്സേണ്ടതായും വരുന്നു. പെട്ടകത്തിനുള്ളിൽ അത്ര സൗകര്യങ്ങൾ ഒന്നുമില്ലായെങ്കിലും ആ സമയത്ത് ഭൂമിയിൽ സുരക്ഷിതമായ സ്ഥലം അതുമാത്രമായിരുന്നു. ഇന്നു സഭയും അങ്ങനെതന്നെയാണ്. ബുദ്ധിമുട്ടുണ്ടാക്കുന്ന ആളുകൾ ഉണ്ടെങ്കിലും സഭയിൽ ഞാൻ സന്തുഷ്ടനാണ്. നിങ്ങളും സന്തുഷ്ടരാണെന്നു ഞാൻ കരുതുന്നു. അതുകൊണ്ടാല്ലോ നാം ആളുകളെ സഭയിലേക്കു ക്ഷണിക്കുന്നത്.

ഒടുവിൽ പ്രളയം അടങ്ങിത്തുടങ്ങിയപ്പോൾ നോഹ ഒരു മലങ്കാക്കയെയും പ്രാവിനെയും പുറത്തേക്കു വിട്ടു. ജഡത്തെയും ആത്മാവിനെയും ആണ് അതു സൂചിപ്പിക്കുന്നത്. കാക്ക തിരികെ വന്നില്ല. മനുഷ്യരുടെയും മൃഗങ്ങളുടെയും മൃതശരീരങ്ങൾ കണ്ട കാക്ക അതു തന്റെ വിശിഷ്ടഭോജ്യമായി കരുതി സന്തോഷിച്ചു. അതുപോലെതന്നെ ജഡത്തിന്റെ ഇഷ്ടമനുസരിച്ചു ജീവിക്കുന്നവർ ഈ ലോകത്തെ വളരെ ആസ്വാദ്യകരമായ സ്ഥലമായി കാണുന്നു. എന്നാൽ ആ പ്രാവ് തിരികെ വന്നു. അതുപോലെതന്നെയാണ് ആത്മാവിനാൽ നടക്കുന്നവരും. അവർക്ക് ഈ ലോകജീവിതം ഒട്ടും താത്പര്യമുള്ളതല്ല. അവർ വേഗം തിരികെ വന്ന് സഭയിലെ ദൈവജനങ്ങളോടു കൂട്ടായ്മയിൽ ആയിരിക്കുവാൻ ആഗ്രഹിക്കുന്നു.

പെട്ടകത്തിനു പുറത്തുവന്ന നോഹ ആദ്യം ചെയ്തത് ഒരു യാഗപീഠം പണിത് അതിൽ ദൈവത്തിനു സ്തോത്രയാഗം അർപ്പിക്കുക എന്നതാണ്. ദൈവത്തിന് ഒന്നാംസ്ഥാനം നൽകി ആരാധനയും നന്ദിസ്തോത്രങ്ങളും അർപ്പിക്കുക എന്നത് നമുക്ക് എല്ലാക്കാലവും പിന്തുടരുവാൻ പറ്റിയ മാതൃകയാണ്.

മൊഴിമാറ്റം: സാജു ജോസഫ്.